
2023
JUNE
26
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇന്ത്യയുടെ സ്വന്തം ഇലക്ട്രോണിക് ചിപ്പുകൾ അടുത്ത വർഷം

**ന്യൂഡൽഹി:** ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഇലക്ട്രോണിക് ചിപ്പുകൾ (സെമി കണ്ടക്ടർ) 2024 ഡിസംബറിൽ പുറത്തിറങ്ങുമെന്ന് കേന്ദ്രസർക്കാർ. ഒരു വർഷത്തിനുള്ളിൽ മാത്രം നാലോ അഞ്ചോ സെമി കണ്ടക്ടർ പ്ലാന്റുകൾ രാജ്യത്ത് ആരംഭിക്കുമെന്ന് കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

സെമികണ്ടക്ടർ ഗവേഷണരംഗത്ത് യുഎസുമായി ധാരണാപത്രം ഒപ്പിട്ടതുവഴി 80,000 വിദഗ്ധ തൊഴിലുകൾ രാജ്യത്ത് സൃഷ്ടിക്കപ്പെടുമെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മൈക്രോൺ ടെക്നോളജി കമ്പനിയുടെ സെമികണ്ടക്ടർ പ്ലാന്റ് ഗുജറാത്തിൽ നിർമിക്കാനടക്കമാണ് യുഎസുമായി ധാരണയായിരിക്കുന്നത്. മൈക്രോണിന്റെ വരവ് വഴി മാത്രം നേരിട്ടുള്ള 5,000 തൊഴിലുകളുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ലാം റിസർച് എന്ന കമ്പനിയുമായി ചേർന്ന് അടുത്ത 10 വർഷത്തിനകം 60,000ലധികം എൻജിനീയർമാർക്ക് സെമികണ്ടക്ടർ മേഖലയിൽ പരിശീലനം നൽകുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഇതിന്റെ പൈലറ്റ് പദ്ധതി ഓഗസ്റ്റിൽ ആരംഭിക്കും.

കോവിഡ് കാലത്ത് ഡിജിറ്റൽ ഉപകരണങ്ങളുടെ ഡിമാൻഡ് വർധിച്ചതോടെയാണ് ഇലക്ട്രോണിക് ചിപ് ക്ഷാമമുണ്ടായത്. കാർ നിർമാണ മേഖലയിൽ ഉൾപ്പെടെ വൻതോതിൽ ചിപ് ക്ഷാമം പ്രതിസന്ധിയുണ്ടാക്കിയിരുന്നു. ഇന്ത്യയ്ക്ക് ആവശ്യമുള്ള ചിപ്പുകളുടെ വലിയൊരു ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. ഈ രീതി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## 4 മോഡലുകൾ കൂടി വിപണിയിലെത്തിക്കാൻ കോക്കോണിക്സ്

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച കോക്കോണിക്സ് കമ്പനി 4 പുതിയ ലാപ്ടോപ് മോഡലുകൾ കൂടി അടുത്തമാസം വിപണിയിലിറക്കും. രണ്ടെണ്ണം കെൽട്രോൺ ബ്രാൻഡിലും രണ്ടെണ്ണം കോക്കോണിക്സ് ബ്രാൻഡിലുമാകും എത്തുക. സർക്കാരിനു കൂടുതൽ ഓഹരി ലഭിക്കുന്നതരത്തിൽ കമ്പനിയുടെ ഓഹരി ഘടനയിൽ മാറ്റം വരുത്തിയശേഷം പുറത്തിറങ്ങുന്ന ആദ്യത്തെ ഉൽപന്നങ്ങളാണിവ.

നേരത്തേ കെൽട്രോൺ, കെഎസ്ഐഡിസി എന്നിവയ്ക്കു 49 ശതമാനവും, യുഎസ്ടി ഗ്ലോബലിനു 49 ശതമാനവും മറ്റു സ്വകാര്യ കമ്പനികൾക്കു 2 ശതമാനവുമായിരുന്നു ഓഹരി പങ്കാളിത്തം. ഇപ്പോൾ കെൽട്രോണിനും കെഎസ്ഐഡിസിക്കും ചേർന്ന് 51 ശതമാനം ഓഹരിയായി. യുഎസ്ടി ഗ്ലോബലിന്റെ ഓഹരി പങ്കാളിത്തത്തിൽ 2 ശതമാനം കുറവുണ്ടായി. ഇതോടെ കോക്കോണിക്സ് ഒരു കൽപിത പൊതുമേഖലാ സ്ഥാപനം (ഡീംഡ് പിഎസ്‌യു) ആയി മാറിയെന്നു കോക്കോണിക്സ് പ്ലാന്റ് സന്ദർശിച്ചശേഷം മന്ത്രി പി.രാജീവ് പറഞ്ഞു.

ഇതുവരെ ഏഴു മോഡലുകളാണു കോക്കോണിക്സിന്റേതായി പുറത്തിറങ്ങിയത്.

# പരമോന്നത ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സമ്മാനിച്ച് ഈജിപ്ത്

**കെയ്റോ:** രാജ്യത്തെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ദി നൈൽ നൽകി ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ആദരിച്ച് ഈജിപ്ഷ്യൻ സർക്കാർ. ഈജിപ്ത് പ്രസിഡന്റ് അബ്ദൽ ഫത്താ അൽ സിസിയിൽനിന്നുമാണ് നരേന്ദ്ര മോദി ബഹുമതി ഏറ്റുവാങ്ങിയത്. ലോകത്തെ വിവിധ രാജ്യങ്ങളിൽനിന്നായി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിക്കുന്ന 13ാമത്തെ ബഹുമതിയാണിത്.



രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഈജിപ്തിലെത്തിയ മോദി ചരിത്ര പ്രസിദ്ധമായ അൽ ഹക്കിം പള്ളിയിലും കയ്റോയിലെ ഹീലിയോപോളിസ് കോമൺവെൽത്ത് യുദ്ധ ശ്മശാനത്തിലും സന്ദർശനം നടത്തി. യുദ്ധ ശ്മശാനത്തിൽ എത്തിയ മോദി, ഒന്നാം ലോക മഹായുദ്ധത്തിൽ ജീവൻ വെടിഞ്ഞ ഇന്ത്യൻ സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു. ഒന്നാം ലോക മഹായുദ്ധത്തിൽ ഈജിപ്തിലും പലസ്തീനിലുമായി ജീവൻ പൊലിഞ്ഞ നാലായിരത്തോളം സൈനികരാണ് ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നത്.

ഈജിപ്ത് പ്രസിഡന്റ് അബ്ദൽ ഫത്താ അൽ സിസിയുമായി നടത്തിയ ചർച്ചയിൽ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിൽ ധാരണയായി.

ജി 20 ഉച്ചകോടിയിൽ പ്രത്യേക ക്ഷണിതാവായി അൽ സിസി സെപ്റ്റംബറിൽ ഇന്ത്യ സന്ദർശിക്കുന്നുണ്ട്. ആദ്യമായാണ് മോദി ഈജിപ്ത് സന്ദർശിക്കുന്നത്.

26 വർഷം മുൻപാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഈജിപ്തിലെത്തിയത്.

## കേരളത്തിൽ 5 ദിവസം കനത്ത മഴ; തിങ്കളാഴ്ച 5 ജില്ലകളിൽ യെലോ അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുമെന്നാണ് അറിയിപ്പ്. വിവിധ ജില്ലകളിൽ യെലോ അലർട്ട് പ്രഖ്യാപിച്ചു.

കേരള തീരത്ത് (വിഴിഞ്ഞം മുതൽ കാസർകോട് വരെ) തിങ്കളാഴ്ച രാത്രി 11.30 വരെ 2.2 മുതൽ 2.6 മീറ്റർ വരെ ഉയരത്തിൽ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും അതിന്റെ വേഗം സെക്കൻഡിൽ 50 സെന്റിമീറ്ററിനും 65 സെന്റിമീറ്ററിനും ഇടയിൽ മാറിവന്നേക്കുമെന്നും ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽനിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്നും നിർദേശമുണ്ട്.



# ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ ഓൺലൈനായി വാങ്ങാം

- വ്യവസായ വകുപ്പ് ഒ.എൻ.ഡി.സിയുമായി ധാരണാപത്രം ഒപ്പിട്ടു
- ഭൂരിഭാഗവും പരമ്പരാഗത ഉൽപ്പന്നങ്ങൾ
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി സാധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളുടെ 220 ഉത്പന്നങ്ങൾ ഇനി മുതൽ ഓൺലൈനായി വാങ്ങാം. സ്വതന്ത്രവും ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്നതുമായ ഇകൊമേഴ്സ് പ്ലാറ്റ്ഫോം ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ഒ.എൻ.ഡി.സി) സംസ്ഥാന വ്യവസായ വകുപ്പ് വെള്ളിയാഴ്ച ധാരണാപത്രം ഒപ്പിട്ടതോടെയാണിത്.

പൊതുമേഖലാ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് ഒ.എൻ.ഡി.സിയുമായി ധാരണയിൽ എത്തിയത്.വ്യവസായ വകുപ്പിന് വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയും ഒ.എൻ.ഡി.സി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തമ്പി കോശിയും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

സംസ്ഥാന വ്യവസായ വകുപ്പിന് ഇത് അഭിമാനകരമായ മുഹൂർത്തമാണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കവെ വ്യവസായ മന്ത്രി രാജീവ് പറഞ്ഞു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് കുറേക്കൂടി വിപുലമായ വിപണിയാണ് തുറക്കുന്നത്. ഒ.എൻ. ഡി. സി രാജ്യത്തിലെ തന്നെ വിശ്വസ്ത സ്ഥാപനമാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നിർമിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ കിട്ടുമോ എന്ന് വിദേശികൾ ഉൾപ്പെടെ അന്വേഷിക്കാറുണ്ട്. എന്നാൽ സമയത്തിന് ഉത്പന്നങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഓൺലൈനായി ഇവ ലഭ്യമാകുന്നതോടെ നമ്മുടെ ഉത്പന്നങ്ങൾ കൃത്യസമയത്ത് തന്നെ ഉപഭോക്താവിന് ലഭിക്കും. ഹാൻവീവ്, ഹാൻടെക്സ്, കയർ ഉത്പന്നങ്ങൾ, കേരള സോപ്സിന്റെ ഉത്പന്നങ്ങൾ എന്നിവയെല്ലാം ഓൺലൈനായി ലഭിക്കും.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയം പുതുക്കാനും നവീകരിക്കാനും പുതിയ വെല്ലുവിളികൾ നേരിടാനും ഇതൊരു അവസരം ആണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഉത്പന്നങ്ങൾ ഉപഭോക്താവിന് കൃത്യസമയത്ത് തന്നെ നൽകാൻ കഴിയണം. അതുപോലെ പാക്കിംഗിൽ ഉൾപ്പെടെ പ്രൊഫഷണലിസം കൊണ്ടുവരണം. ഉൽപ്പന്നവും നിരന്തരം നവീകരിക്കേണ്ടതുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വ്യവസായ വകുപ്പ് ഉടൻ തന്നെ വിപുലമായ രീതിയിൽ ഡിസൈൻ കോൺക്ലേവ് സംഘടിപ്പിക്കും. ഡിസൈനിംഗ് സംബന്ധിച്ച് കയർ തൊഴിലാളികൾക്ക് പരിശീലനം നൽകും. എറണാകുളം ചേന്ദമംഗലത്തെ കൈത്തറി ഗ്രാമത്തിലും പരിശീലനം നൽകാൻ പോവുകയാണ്.

ഇപ്പോൾ ബിസിനസ്ടുകൺസ്യൂമർ മാതൃകയിലാണ് ഓൺലൈനിലൂടെ വിപണനമെങ്കിലും അടുത്ത ഘട്ടത്തിൽ ബിസിനസ്ടുബിസിനസ് മാതൃകയും അവലംബിക്കും. ഇത് ചെറുകിടഇടത്തരംസൂക്ഷ്മ സംരംഭകർക്ക് പ്രയോജനം ചെയ്യും. അവരുടെ ഉൽപ്പന്നങ്ങൾ കൂടി ഓൺലൈൻ വിപണന ശൃംഖലയുടെ ഭാഗമാകും. ഇതിനു മുന്നോടിയായി എം.എസ്.എം.ഇ സംരംഭകർക്കായി ഒ.എൻ.ഡി .സി യുമായി സഹകരിച്ച് എല്ലാ താലൂക്കുകളിലും പരിശീലനം നൽകുമെന്നും മന്ത്രി രാജീവ് കൂട്ടിച്ചേർത്തു.

മേക്കിംഗ് കേരള എന്ന പദ്ധതിക്കായി 100 കോടി ഈ വർഷം മാറ്റിവെച്ചിട്ടുണ്ട്. കേരളം എന്ന മൂല്യമുള്ള ബ്രാൻഡ് വിപണിയിൽ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയണമെന്നും മന്ത്രി വ്യക്തമാക്കി.പരിപാടിയിൽ ഗതാഗതമന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. വ്യവസായമേഖലയിൽ ചരിത്ര വിജയം കൈവരിച്ച ഒരു വർഷമാണ് കടന്നുപോയതെന്ന് അദ്ദേഹം പറഞ്ഞു. ഒ.എൻ.ഡി.സിയുമായി ഗതാഗത വകുപ്പും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചീഫ് സെക്രട്ടറി ഡോ. വി.പി ജോയ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഡയറക്ടർ എസ് ഹരികിഷോർ, റിയാബ് സെക്രട്ടറി കെ പത്മകുമാർ, ആനി ജൂല തോമസ് എന്നിവർ പങ്കെടുത്തു.

# പന്തളം ശർക്കര കയറ്റുമതിക്ക് ഭാവിയിൽ സാധ്യതകളേറെ: മന്ത്രി പി. പ്രസാദ്



**പന്തളം:** ശർക്കരയുടെ ഉപയോഗം കുറഞ്ഞിട്ടില്ലെന്നും മികച്ച ഗുണനിലവാരത്തോടെ ഉൽപാദിപ്പിച്ച് ആവശ്യത്തിന് ശർക്കര ലഭ്യമാക്കാനാകണമെന്നും മന്ത്രി പി. പ്രസാദ്. കടയ്ക്കാട് കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിൽ 2.7 ലക്ഷം രൂപ ചെലവഴിച്ചു സ്ഥാപിച്ച ശർക്കര നിറയ്ക്കൽ യന്ത്രത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗുണമേൻമയില്ലാത്ത മറുനാടൻ ശർക്കര വാങ്ങേണ്ട സ്ഥിതിക്ക് മാറ്റമുണ്ടാകണം.

പന്തളം ശർക്കര വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന സാഹചര്യം വരുംനാളുകളിൽ പ്രതീക്ഷിക്കാം. ആകർഷകമായ പാക്കിങ് പോലെയുള്ള മാർക്കറ്റിങ് രീതികൾ കൂടി ഉപയോഗിച്ചു വിപണി വർധിപ്പിക്കേണ്ടതുണ്ട്. ക്യുആർ കോഡ് അടക്കം ഉപയോഗിക്കണം. കേരള ഗ്രോ വഴി 191 ഉൽപന്നങ്ങൾ ഓൺലൈൻ വിപണിയിലെത്തി കഴിഞ്ഞു. ഈ വർഷം അവസാനത്തോടെ 100 മൂല്യവർധിത ഉൽപന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കാനാണ് ലക്ഷ്യം. കൃഷി വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ വിജയിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വലിയ പങ്കുണ്ട്. എന്നാൽ, ചില സ്ഥലങ്ങളിലെങ്കിലും അലംഭാവം ഉണ്ടാകുന്നുണ്ടെന്നും ഇതിന് മാറ്റം വരണമെന്നും അദ്ദേഹം പറഞ്ഞു. ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. ശർക്കര നിറയ്ക്കൽ യന്ത്രത്തിന്റെ വരവോടെ കൂടുതൽ വേഗത്തിൽ കൃത്യതയോടെ പാക്കിങ് നടത്താനാകുമെന്ന് അദ്ദേഹം പറഞ്ഞു. കാർഷിക വിലനിർണയ ബോർഡ് ചെയർമാൻ ഡോ.രാജശേഖരൻ, കൃഷി വകുപ്പ് അഡീഷനൽ ഡയറക്ടർ ജോർജ് സെബാസ്റ്റ്യൻ, പ്രിൻസിപ്പൽ കൃഷി ഓഫിസർ ഗീത അലക്സാണ്ടർ, ബ്ലോക്ക് പഞ്ചായത്ത് അംഗം വി.എം.മധു, പന്തളം ഫാം ഓഫിസർ എം.എസ്.വിമൽകുമാർ എന്നിവർ പ്രസംഗിച്ചു.



## ദേശീയപാത സ്ഥലമേറ്റെടുക്കൽ:

# മുഴുവൻ ചെലവും കേന്ദ്രം വഹിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്തു പുതുതായി നിർമിക്കുന്ന ദേശീയ പാതകളുടെ സ്ഥലമേറ്റെടുക്കൽ ചെലവ് മുഴുവൻ ദേശീയപാതാ അതോറിറ്റി (എൻഎച്ച്എഐ) വഹിക്കും. ചെലവു പങ്കിടുന്നതിനു നിലവിൽ ധാരണയായ പദ്ധതികൾക്കല്ലാതെ സംസ്ഥാന വിഹിതം ആവശ്യപ്പെടേണ്ടെന്നു കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ദേശീയപാതാ അതോറിറ്റിക്കു നിർദേശം നൽകി. ഉത്തരവ് ഉടൻ പുറത്തിറങ്ങും. ഇനി മുതൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെലവ് പങ്കിടാൻ കഴിയില്ലെന്നു കാട്ടി സംസ്ഥാന സർക്കാർ ഒന്നിലധികം തവണ കേന്ദ്രത്തിനു കത്തയച്ചിരുന്നു. ചെലവ് പൂർണമായി ദേശീയപാതാ അതോറിറ്റി വഹി!ക്കുമ്പോൾ നികുതി ഇളവ് ഉൾപ്പെടെ ചില വിട്ടുവീഴ്ചകൾ ചെയ്യണമെന്നു സംസ്ഥാനത്തോടു കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ വ്യക്തതയായിട്ടില്ല. ദേശീയപാത വികസനം വേഗത്തിലാക്കുന്നതിന് കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്താണ് ഭൂമിയേറ്റെടുക്കാൻ വേണ്ട തുകയുടെ 25% സംസ്ഥാനം വഹിക്കാൻ തീരുമാനിച്ചത്.

കോഴിക്കോട് പുതിയ ഹൈവേ, കൊച്ചി മൂന്നാർ തേനി വ്യവസായ ഇടനാഴി, തിരുവനന്തപുരം അങ്കമാലി പുതിയ ഹൈവേ എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കാൻ സംസ്ഥാനം 25 ശതമാനവും വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡിന് 50 ശതമാനവും തുക നൽകും.

കൊല്ലം ചെങ്കോട്ട പുതിയ ഹൈവേ, മലപ്പുറം മൈസൂരു സാമ്പത്തിക ഇടനാഴിയിലെ മലപ്പുറം കുട്ട റീച്ച്, 6 വരിയായി വികസിപ്പിക്കേണ്ട തൃശൂർ ഇടപ്പള്ളി, വാളയാർ വടക്കഞ്ചേരി ദേശീയപാത റീച്ചുകൾ എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ ചെലവ് ദേശീയപാത അതോറിറ്റി വഹിക്കും.

## ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പ് ആരംഭിച്ച സംസ്ഥാനമായി കേരളം മാറി : മന്ത്രി അഹമ്മദ് ദേവർകോവിൽ

**കോഴിക്കോട്:** ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ ആരംഭിച്ച സംസ്ഥാനമായി കേരളം മാറിയതായി തുറമുഖം പുരാവസ്തു പുരാരേഖാ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും സംയുക്തമായി സംഘടിപ്പിച്ച മെഗാ ജോബ് ഫെസ്റ്റ് വെസ്റ്റ് ഹിൽ ഗവ. എൻജിനീയറിങ് കോളേജിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞ വർഷം മാത്രം ഒരു ലക്ഷത്തി നാല്പത്തിനായിരത്തോളം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

മികച്ച തൊഴിൽ സംസ്കാരം നിലനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ എല്ലാവർക്കും തൊഴിൽ നേടാനുള്ള അവസരം ഒരുക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്ന് മന്ത്രി പറഞ്ഞു. തൊഴിലില്ലാത്ത ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ബൃഹത്തായ തൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സംരംഭകത്വ വർഷ പദ്ധതിയുടെ ഭാഗമായി ഒന്നര ലക്ഷത്തോളം സംരംഭങ്ങളും അതുവഴി രണ്ടര ലക്ഷത്തോളം പേർക്ക് തൊഴിലും ഉറപ്പാക്കാൻ കഴിഞ്ഞതായും മന്ത്രി കൂട്ടിച്ചേർത്തു.

എം കെ രാഘവൻ എം പി അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ സി എസ് സത്യഭാമ, ഗവ. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. രഘുരാജ് പി സി, പ്ലേസ്മെന്റ് ഓഫീസർ ഡോ. അനിരുദ്ധൻ പി എന്നിവർ സംസാരിച്ചു. ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ എം ആർ രവികുമാർ സ്വാഗതവും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ രാജീവൻ പി നന്ദിയും പറഞ്ഞു.

## പ്രവേശനം ആരംഭിച്ചു

**കോഴിക്കോട്:** ഐ.ടി.ഐ പ്രവേശനം ആരംഭിച്ച സാഹചര്യത്തിൽ ഓൺ ലൈൻ ആയി അപേക്ഷ നൽകിയവർ തൊട്ടടുത്ത ഗവ. ഐ.ടി.ഐയിൽ പോയി വെരിഫിക്കേഷൻ ചെയ്യേണ്ടതാണെന്ന് കോഴിക്കോട് ഗവ. ഐ ടി ഐ പ്രിൻസിപ്പൽ അറിയിച്ചു.

വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. വെരിഫിക്കേഷനുള്ള അവസാന തിയ്യതി ജൂലൈ 18 ന് അഞ്ച് മണി. കൂടുതൽ വിവരങ്ങൾക്ക് : 0495 2377016

## ദർഘാസുകൾ ക്ഷണിച്ചു

**കോഴിക്കോട്:** 200324 വർഷത്തിൽ ജില്ലയിൽ കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്ക് ആവശ്യമായ തെങ്ങിൻതൈകൾ, നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, പുഷ്പ ഫലങ്ങൾ, മറ്റ് കാർഷിക ഉപകരണങ്ങൾ മുതലായവ ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ലോറി വാടകക്ക് നൽകുവാൻ തയ്യാറുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരിൽ നിന്ന് മത്സരസ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു.

അടങ്കൽ തുക 4,95,000 രൂപ. പൂരിപ്പിച്ച ടെണ്ടർ ഫോറം സമർപ്പിക്കേണ്ട അവസാന തിയ്യതി : ജൂൺ 30 ന് രാവിലെ 11 മണി. ദർഘാസ് ഉൾക്കൊള്ളുന്ന കവറിന് പുറത്ത് മുകളിലായി 2023 24 വർഷത്തിൽ തെങ്ങിൻതൈകൾ, നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ എത്തിക്കുന്നതിലേക്ക് ലോറി വാടകക്ക് ലഭ്യമാക്കുന്നതിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തേണ്ടതും പ്രിൻസിപ്പൽ കൃഷി ഓഫീസർ കോഴിക്കോട്, സിവിൽ സ്റ്റേഷൻ എന്ന മേൽവിലാസം എഴുതേണ്ടതുമാണ്.

ജൂൺ 30 ഉച്ചക്ക് 2.30നു പ്രിൻസിപ്പൽ കൃഷി ഓഫീസർ അല്ലെങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഹാജരുള്ള ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ദർഘാസുകൾ തുറക്കും.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലയിലെ കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗത്തിന് 202324 വർഷത്തിൽ പഠനമുറി, ഭവനപുനരുദ്ധാരണം, ശുചിമുറി, കൃഷിഭൂമി, സ്വയംതൊഴിൽ പദ്ധതികൾ എന്നിവയ്ക്കായി അപേക്ഷ ക്ഷണിച്ചു.

അവസാന തിയ്യതി: ജൂൺ 26 ന് വൈകുന്നേരം അഞ്ച് മണി. നിശ്ചിത മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും അതത് ബ്ലോക്ക്/ മുൻസിപാലിറ്റി/ കോർപറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0495 2370379.

## ജൂനിയർ റിസേർച്ച് ഫെല്ലോ

**തിരുവനന്തപുരം:** എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ എൻജിനിയറിങ് കോളജിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ടഡ് റിസർച്ച് പ്രോജക്റ്റിലേക്ക് ഒപ്റ്റോ ഇലക്ട്രോണിക്സിൽ മാസ്റ്റേഴ്സ് സ്പെഷ്യലൈസേഷനുള്ള ജൂനിയർ റിസേർച്ച് ഫെല്ലോയെ ആവശ്യമുണ്ട്. നിയമനത്തിനായുള്ള അഭിമുഖം ജൂൺ 30ന് നടക്കും. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം അന്നേദിവസം രാവിലെ 10.30ന് കോളജ് ഓഫീസിൽ ഹാജരാകണം.



# ജൂൺ മാസത്തിൽ മഴക്കുറവുണ്ടായ ജില്ലയായി വയനാട്

**കൽപറ്റ:** ജൂൺ മാസം അവസാനിക്കാൻ ഒരാഴ്ച മാത്രം ബാക്കി നിൽക്കുമ്പോഴും പെയ്യാൻ മടിച്ചു മഴ. തുടർച്ചയായ മൂന്നാം വർഷവും കേരളത്തിൽ ജൂൺ മാസത്തിൽ ഏറ്റവുമധികം മഴക്കുറവുണ്ടായ ജില്ലയായി വയനാട്. ഇക്കുറി ജൂൺ 1 മുതൽ ഇന്നലെ വരെയുള്ള കണക്കുപ്രകാരം 81 ശതമാനമാണു ജില്ലയിലെ മഴക്കുറവ്.

ഈ കാലയളവിൽ 493.5 മില്ലീമീറ്റർ മഴ പെയ്യേണ്ടിടത്ത് വയനാട്ടിൽ ലഭിച്ചത് 95.1 മില്ലീമീറ്റർ മഴ മാത്രം. കഴിഞ്ഞ ജൂണിൽ തെക്കുപടിഞ്ഞാറൻ കാലവർഷം തുടങ്ങി ഒരാഴ്ച പിന്നിട്ടപ്പോൾ 76% മഴക്കുറവാണ് ജില്ലയിലുണ്ടായത്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മഴക്കുറവ് 86 ശതമാനമായി ഉയർന്നു. 174.7 മില്ലീമീറ്റർ മഴ പെയ്യേണ്ട സ്ഥാനത്ത് 29.3 മില്ലീമീറ്റർ മഴയാണു കഴിഞ്ഞതവണ ഇതേ കാലയളവിൽ ലഭിച്ചത്.

വയനാട് അഭിമുഖീകരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രകടമായ തെളിവാണു കഴിഞ്ഞ കുറച്ചു വർഷമായി തെക്കുപടിഞ്ഞാറൻ മൺസൂണിലുണ്ടാകുന്ന കുറവെന്നു കാലാവസ്ഥാ നിരീക്ഷകർ പറയുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി ജൂലൈ അവസാനവും ഓഗസ്റ്റിലുമാണു വയനാട്ടിൽ കൂടുതൽ മഴ. 2018, 2019 ഓഗസ്റ്റ് മാസങ്ങളിൽ അതിതീവ്ര മഴയും തുടർന്നു പ്രളയവുമുണ്ടായി.

2018ൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഒരാഴ്ച പിന്നിട്ടപ്പോൾ വയനാട്ടിൽ 67 ശതമാനമായിരുന്നു മഴക്കുറവ്. 2019 ജൂണിൽ ശരാശരി 311 മില്ലീമീറ്റർ മഴ പ്രതീക്ഷിച്ചെങ്കിലും 188 മില്ലീമീറ്റർ മഴ മാത്രമാണു കിട്ടിയത്. 2018 ഓഗസ്റ്റിൽ 96 ശതമാനവും 2019 ഓഗസ്റ്റിൽ 126 ശതമാനവും മഴ കൂടുതലായി പെയ്തു.

മൺസൂൺ ടൂറിസത്തിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ചു വൻ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴുള്ള മഴക്കുറവ് ടൂറിസം മേഖലയിലും ആശങ്ക വിതയ്ക്കുന്നുണ്ട്. നൂൽമഴയും മഴക്കാലത്തെ കോടമഞ്ഞും കാണാനായി വയനാട്ടിലെത്തുന്ന സഞ്ചാരികൾ നിരാശരായി മടങ്ങുകയാണ്.

മൺസൂൺ ടൂറിസവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആക്ടിവിറ്റികൾക്കാണ് വയനാട്ടിലെ ഹോംസ്റ്റേകളും റിസോർട്ടുകളും കേന്ദ്രീകരിച്ചും വിവിധ സംഘടനകളുടെ നേതൃത്വത്തിലും തയാറെടുക്കുന്നത്. എന്നാൽ, മഴക്കുറവ് ഇനിയും തുടർന്നാൽ അതെല്ലാം അവതാളത്തിലാകാനാണ് സാധ്യത.

# വിനോദത്തിന്റെ പുതിയ മുഖമായി ആക്ടീവ് പ്ലാനറ്റ് പ്ലേ പാർക്ക്



**കുറ്റ്യാടി:** വേളം പഞ്ചായത്തിലെ മണിമലയിൽ ആക്ടീവ് പ്ലാനറ്റ് പ്ലേ പാർക്ക് പ്രവർത്തനം ആരംഭിച്ചു. 10 ഏക്കർ സ്ഥലത്ത് ആയിരത്തിലധികം മരങ്ങൾ, 2.3 ലക്ഷം ചെടികൾ, അരലക്ഷം പൂച്ചെടികൾ, വെർട്ടിക്കൽ ഗാർഡൻ, 40ഓളം ഫ്രീസ്റ്റൈൽ സ്ലൈഡുകൾ, ഫുഡ് ട്രക്കുകൾ, ഫുഡ് കോർട്ട്, ആംഫി തിയറ്റർ എന്നിവയോടു കൂടിയാണ് ആക്ടീവ് പ്ലാനറ്റ്.

ജോലിത്തിരക്കുമൂലം വീട്ടിലും ഓഫിസിലുമൊക്കെ അടഞ്ഞിരിക്കുന്നവരെ പുറത്തേക്കിറക്കാനും നല്ല അന്തരീക്ഷത്തിൽ സമയം ചെലവഴിക്കാനും പ്രേരിപ്പിക്കാനാണ് ആക്ടീവ് പ്ലാനറ്റ് ശ്രമിക്കുന്നതെന്നു പാർക്കിന്റെ സ്ഥാപകനും എംഡിയുമായ നിസാർ അബ്ദുല്ല പറഞ്ഞു. മലഞ്ചെരുവിനു മുകളിൽ വിശാലമായ ദൃശ്യഭംഗി കൂടി സമ്മാനിക്കുന്ന ഇടത്താണ് ആക്ടീവ് പ്ലാനറ്റ് ഒരുക്കിയിരിക്കുന്നത്.

5 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്കായുള്ള കളിസ്ഥലങ്ങളും വിനോദ പരിപാടികളുമാണു പാർക്കിൽ ഒരുക്കിയിട്ടുള്ളത്. രാവിലെ പാർക്കിനുള്ളിലെ വിനോദ പരിപാടികളിൽ 5 മണിക്കൂർ ചെലവഴിക്കാൻ 300 രൂപയും ഉച്ചമുതൽ രാത്രി വരെയുള്ള സെഷനുകളിൽ പങ്കെടുക്കാൻ 400 രൂപയും നൽകണം. വാരാന്ത്യങ്ങളിൽ രാവിലെ 350 രൂപയും പിന്നീടങ്ങോട്ട് 450 രൂപയുമാണു നിരക്ക്. മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സൗജന്യ പ്രവേശനവും പ്രത്യേക ഇളവുകളും നൽകും. 2 വയസ്സിൽ താഴെയുള്ള കുട്ടികൾക്കു പ്രവേശനം സൗജന്യമാണ്.

## അപേക്ഷ ക്ഷണിച്ചു

ജില്ലയിലെ കോർപ്പറേഷൻ പരിധിയിൽ 25 മുതൽ 50 വരെ അന്തേവാസികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന വിധം ആരംഭിക്കുന്ന വനിതാ വർക്കിംഗ് വുമൺ ഹോസ്റ്റലിന് വേണ്ടി 2000 സ്ക്വയർ ഫീറ്റിൽ കുറയാത്ത വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ ലഭ്യമായുള്ള വീടോ/കെട്ടിടങ്ങളോ ലഭ്യമാക്കാൻ തയ്യാറുള്ള കെട്ടിട ഉടമസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

താത്പര്യമുള്ളവർ ജൂൺ 30ന് വൈകീട്ട് അഞ്ച് മണിക്ക് മുമ്പായി കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 04945 2370379

## ക്വട്ടേഷനുകൾ ക്ഷണിച്ചു

ഗവ. എഞ്ചിനിയറിങ് കോളേജ് കെമിക്കൽ എഞ്ചിനീയറിങ് ഡിപ്പാർട്മെന്റിലേക്ക് വാട്ടർ ബാത്ത് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള കമ്പനികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു.

പൂരിപ്പിച്ച ക്വട്ടേഷനുകൾ ക്വട്ടേഷൻ നമ്പർ 13/2324 വാട്ടർ ബാത്ത് വിതരണത്തിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തി പ്രിൻസിപ്പൽ, സർക്കാർ എഞ്ചിനിയറിങ്, കോളേജ്, കോഴിക്കോട്, വെസ്റ്റ് ഹിൽ , 673005 എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി : ജൂലൈ ഏഴ് ഉച്ചക്ക് രണ്ട് മണി. പൂരിപ്പിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് മൂന്നിന് തുറക്കുന്നതാണ്. സാധനങ്ങളുടെ വിതരണത്തിന് ആവശ്യമായ സമയവും വാറണ്ടി കാലയളവും ക്വട്ടേഷനിൽ പരാമർശിക്കേണ്ടതാണ്.

ആവശ്യകതകളുടെ വിശദാംശങ്ങളും അവയുടെ വിതരണത്തെ കുറിച്ചുള്ള വ്യവസ്ഥകളും www.geckkd.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

## നഴ്സിങ് സ്കൂൾ പ്രവേശനം

ആരോഗ്യ വകുപ്പിനു കീഴിലുള്ള 15 സർക്കാർ നഴ്സിങ് സ്കൂളുകളിൽ 2023 ഒക്ടോബർ നവംബർ മാസത്തിൽ ആരംഭിക്കുന്ന ജനറൽ നഴ്സിങ് കോഴ്സിലേക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐച്ഛിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷ പാസായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എസ്.സി/എസ്.ട വിഭാഗത്തിലുള്ള അപേക്ഷകർക്ക് പാസ് മാർക്ക് മതി. സയൻസ് വിഷയങ്ങൾ പഠിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും.14 ജില്ലകളിലായി 365 സീറ്റുകളാണ് ഉള്ളത്. 20 ശതമാനം സീറ്റുകൾ ആൺകുട്ടികൾക്കു സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷകർക്ക് 2023 ഡിസംബർ 31ന് 17 വയസിൽ കുറയുവാനോ 27 വയസിൽ കൂടുവാനോ പാടില്ല. പിന്നാക്ക സമുദായക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗക്കാർക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും.

അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ www.dhskerala.gov.in ലഭിക്കും. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗക്കാർക്ക് 75 രൂപയും മറ്റുള്ള വിഭാഗത്തിന് 250 രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലയിലെ നഴ്സിങ് സ്കൂൾ പ്രിൻസിപ്പാളിന് ജൂലൈ 20ന് വൈകിട്ട് അഞ്ചിനകം ലഭിക്കത്തക്കവിധം അയക്കണം.

## ചെങ്കോട്ട കൊല്ലം റെയിൽപാതയിൽ വൈദ്യുത ട്രെയിൻ

# 110 കെവി ട്രാക്ഷൻ സബ്സ്റ്റേഷൻ നിർമാണം പൂർത്തിയായി

**പുനലൂർ :** ചെങ്കോട്ട കൊല്ലം റെയിൽപാതയിൽ വൈദ്യുത ട്രെയിൻ ഓടിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കാൻ പുനലൂർ റെയിൽവേ സ്റ്റേഷൻ യാർഡിന് സമീപം സ്ഥാപിച്ച 110 കെവി ട്രാക്ഷൻ സബ്സ്റ്റേഷന്റെ നിർമാണം പൂർത്തിയായി. ഇവിടേക്ക് കെഎസ്ഇബിയുടെ പുനലൂർ 110 കെവി സബ് സ്റ്റേഷനിൽ നിന്നു വൈദ്യുതി എത്തിക്കാനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷനിൽ 25 കെവി വൈദ്യുതി പ്രവഹിപ്പിക്കാം .



ഇതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഗവ.ഓഫ് ഇന്ത്യ (ഇഐജിഐ) യുടെ അനുമതി ഉടൻ ലഭിക്കും. സബ് സ്റ്റേഷനുള്ളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതടക്കമുള്ള ജോലികളും പൂർത്തിയായി. സർക്യൂട്ട് ബ്രേക്കർ, കൺട്രോൾ ആൻഡ് റിലേ പാനൽ, വൈദ്യുത ട്രാൻസ്ഫോമർ, പൊട്ടൻഷ്യൽ ട്രാൻസ്ഫോമർ, ഐസൊലേറ്റർ തുടങ്ങിയവയെല്ലാം സ്ഥാപിച്ചു.

സബ് സ്റ്റേഷനിലേക്ക് പുനലൂർ കെഎസ്ഇബി. സബ് സ്റ്റേഷനിൽനിന്നു വൈദ്യുതി എത്തിക്കുന്നതിന് 28.75 കോടിയുടെ അടങ്കൽ പുതുക്കി നൽകിയിട്ടും ഇതുവരെ അനുമതി ലഭിച്ചില്ല. റെയിൽവേ ഉദ്യോഗസ്ഥർ ഒട്ടേറെ തവണ സമീപിച്ചിട്ടും കെഎസ്ഇബിയുടെ ഭാഗത്ത് നിന്നും നടപടി വേഗമില്ലെന്നാണ് ആക്ഷേപം. വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ തലസ്ഥാനത്ത് 6 മാസം ഇതുസംബന്ധിച്ച് ചർച്ച നടന്നിരുന്നു.

റെയിൽവേക്ക് 2 ഫേസ് വൈദ്യുതി നൽകാൻ കെഎസ്ഇബിയുമായി അന്ന് ധാരണയായിരുന്നു. പുതുക്കിയ അടങ്കൽ രേഖകൾ കെഎസ്ഇബി ചീഫ് എൻജിനീയറുടെ ഓഫിസിന്റെ പരിഗണനയിലാണ്.

അനുമതി ലഭിച്ചാൽ 2.7 കിലോമീറ്റർ ദൂരത്തിൽ ഭൂഗർഭ കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കും. 2021 നവംബറിലാണ് പുനലൂരിൽ സബ് സ്റ്റേഷൻ നിർമാണം റെയിൽവേ ആരംഭിച്ചത്.

നിലവിൽ (ഒഎച്ച്) ലൈനിൽ പെരിനാട്ടെ സബ് സ്റ്റേഷനിൽ നിന്നുള്ള 25 കെവി വൈദ്യുതി ലഭ്യമാക്കിയാണ് പുനലൂർ കൊല്ലം പാതയിൽ വൈദ്യുത ട്രെയിനുകൾ ഓടുന്നത്.

മറ്റു തടസ്സങ്ങളില്ലാതെ പ്രവൃത്തി പൂർത്തിയായാൽ ഇക്കൊല്ലം തന്നെ റെയിൽവേ സബ് സ്റ്റേഷൻ പ്രവർത്തനക്ഷമമാകുമെന്ന് അധികൃതർ പറയുന്നു.

സബ് സ്റ്റേഷൻ പ്രവർത്തിച്ചു തുടങ്ങിയാലെ കൊല്ലംചെങ്കോട്ട പാതയിൽ പൂർണമായും വൈദ്യുത ട്രെയിനുകൾ ഓടിക്കാനാകൂ.

# ട്രോളിങ് നിരോധനം: സംസ്ഥാനത്ത് വിൽക്കുന്നത് പഴകിയ മത്സ്യം

**മാവേലിക്കര :** ട്രോളിങ് നിരോധനത്തെത്തുടർന്നു മത്സ്യ ലഭ്യത കുറഞ്ഞതോടെ അയൽ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ പഴകിയ മത്സ്യത്തിന്റെ ചാകര കല്ലുമല, കൊല്ലകടവ് ചന്തകളിൽ നിന്നു മിന്നൽ പരിശോധനയിൽ 235 കിലോ പഴകിയ മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചു. ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി ഭക്ഷ്യസുരക്ഷ, ആരോഗ്യ, ഫിഷറീസ് വകുപ്പുകൾ ചേർന്നാണു ഭക്ഷ്യസുരക്ഷ മൊബൈൽ ലാബിന്റെ സഹായത്തോടെ പരിശോധന നടത്തിയത്. വരും ദിവസങ്ങളിലും പരിശോധന കർശനമാക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. കല്ലുമല ചന്തയിൽ നിന്നു 155 കിലോയും കൊല്ലകടവിൽ നിന്നു 80 കിലോയും പഴകിയ മത്സ്യമാണു പിടിച്ചെടുത്തത്.



കൊല്ലകടവിൽ നിന്നു സിലോപ്പിയ, കിളിമീൻ, കല്ലുമലയിൽ നിന്നു കേര, മോദ, വറ്റ, വിളമീൻ, ചൂര എന്നിവയാണു പിടിച്ചെടുത്തത്. വലിയ മത്സ്യങ്ങളുടെ ബിൽ വ്യാപാരികളുടെ പക്കൽ ഇല്ലായിരുന്നു. കൊല്ലകടവിൽ നിന്നു പിടിച്ചെടുത്ത സിലോപ്പിയ തമിഴ്നാട്ടിൽ നിന്നും കല്ലുമലയിലേതു പൂന്തുറയിൽ നിന്നും ലഭിച്ചതാണെന്നാണ് ഇവർ ഉദ്യോഗസ്ഥരോടു പറഞ്ഞത്. വ്യാപാരികൾക്കു നോട്ടിസ് നൽകി.തമിഴ്നാട്ടിൽ ട്രോളിങ് അവസാനിച്ചതിനാൽ അവിടെ നിന്നു മങ്കട, അയല പോലുള്ള ചെറിയ മീനുകളാണു പൊതുവേ കേരളത്തിലെത്തുന്നത്. തമിഴ്നാട്ടിൽ നിന്നെത്തുന്ന വലിയ മത്സ്യങ്ങൾ പഴകിയവയാകാനാണു സാധ്യത കൂടുതലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

കേരള തീരത്തു ട്രോളിങ് ആയതിനാൽ 2 ആഴ്ചയ്ക്കിടെ 3 തവണ കല്ലുമലയിൽ പരിശോധന നടത്തിയിരുന്നു.ഫോർമലിൻ, അമോണിയ ടെസ്റ്റ് കിറ്റ് ഉപയോഗിച്ചാണു പരിശോധന നടത്തിയത്. പഴകിയ മത്സ്യങ്ങൾ ഭക്ഷ്യസുരക്ഷ മൊബൈൽ ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ സ്ട്രിപ് നീല നിറത്തിലേക്കു മാറി. പരിശോധിച്ച മത്സ്യങ്ങൾ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ചാണു നശിപ്പിച്ചത്.മാവേലിക്കര ഭക്ഷ്യസുരക്ഷാ ഓഫിസർ ശ്രീലക്ഷ്മി എസ്.വാസവൻ, ചെങ്ങന്നൂർ ഓഫിസർ ആർ.ശരണ്യ, ഫിഷറീസ് ഇൻസ്പെക്ടർ എം.ദീപു, ഹെൽത്ത് ഇൻസ്പെക്ടർ ബി.സബീർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

## ബി.ടെക് ലാറ്ററൽ എൻട്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സുകളിലേക്ക് ലാറ്ററൽ എൻട്രി വഴിയുള്ള പ്രവേശനത്തിന് ജൂൺ 26 മുതൽ ജൂലൈ 20 വരെ അപേക്ഷിക്കാം. അപേക്ഷകർ 3 വർഷം/2 വർഷം(ലാറ്ററൽ എൻട്രി) ദൈർഘ്യമുള്ള എഞ്ചിനിയറിംഗ് ടെക്നോളജി ഡിപ്ലോമ അല്ലെങ്കിൽ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ്/ഇന്ത്യാ ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ/ അംഗീകൃത സ്ഥാപനങ്ങൾ നിന്ന് നേടിയ ഡി.വോക്ക് യോഗ്യത നേടിയിരിക്കണം. 10+2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച്, യു.ജി.സി. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി ബിരുദം നേടിയവർക്കും അപേക്ഷിക്കാം. മാത്തമാറ്റിക്സ് പഠിക്കാത്തവർ യൂണിവേഴ്സിറ്റി/കോളജ് തലത്തിൽ നിർദ്ദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും. യോഗ്യതാ പരീക്ഷ 45 ശതമാനം മാർക്കോടെ പാസ്സാകണം. സംവരണ വിഭാഗക്കാർ ആകെ 40 ശതമാനം മാർക്ക് നേടിയിരിക്കണം.

അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 1000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 500 രൂപയുമാണ്. വ്യക്തിഗത വിവരങ്ങൾ www.lbscetnre.kerala.gov.in ൽ ഓൺലൈനായി രേഖപ്പെടുത്തിയശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ ജൂലൈ 20 വരെ അപേക്ഷാഫീസ് അടക്കാം. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്യണം. പ്രവേശന പരീക്ഷക്ക് ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലാണ് കോഴ്സിലേയ്ക്കുള്ള പ്രവേശനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 നമ്പറുകളിൽ ബന്ധപ്പെടണം.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യണം

**കൊച്ചി:** എറണാകുളം റീജ്യണൽ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെടുന്നവർ (ഇഡബ്ല്യുഎസ്) അതിന്റെ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ രേഖകളിൽ ചേർക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് ഹാജരാകാൻ സാധിക്കാത്തവർക്ക് സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തി rpeeekm.emp.lbr@kerala.gov.in എന്ന ഇ മെയിലിൽ അയക്കണം. ഇഡബ്ല്യുഎസ് വിഭാഗത്തിൽ ഉൾപ്പെടാത്തവർ പ്രസ്തുത വിവരവും രേഖാമൂലം അറിയിക്കണമെന്ന് ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു.

# കേരളത്തിൽ നടക്കുന്നത് ഫാസിസമെന്ന ഭരണകൂട ഭീകരതയുടെ പ്രായോഗിക വൽക്കരണം: അഡ്വ.എ.എൻ രാജൻ ബാബു

**കൊച്ചി:** ഫാസിസമെന്ന ഭരണകൂട ഭീകരതയുടെ പ്രായോഗിക വൽക്കരണമാണ് കേരളത്തിൽ ഇപ്പോൾ നടക്കുന്നതെന്നും ഇതിന്റെ ഭീകരമായ മുഖമാണ് കെപിസിസി പ്രസിഡന്റ് കെ സുധാരകരന്റെ അറസ്റ്റും പ്രതിപക്ഷ നേതാവ് വി ഡി സതീശനെ കേസിൽപ്പെടുത്തിയത് വഴിയും വ്യക്തമാക്കപ്പെടുന്നതെന്ന് മുൻ എം.എൽ.എയും ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയുമായ അഡ്വ.എ.എൻ രാജൻബാബു വാർത്താകുറിപ്പിൽ പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കേ കേന്ദ്രം ഭരിക്കുന്ന ബിജെപിയിൽ നിന്നും അച്ചാരം വാങ്ങിക്കൊണ്ടുള്ള നടപടികളാണ് കോൺഗ്രസിനെതിരെ പിണറായി വിജയൻ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്നും അത് കേരളത്തിൽ വിലപ്പോകില്ലെന്നും അഡ്വ.എ.എൻ രാജൻ ബാബു പറഞ്ഞു.

പ്രതിപക്ഷ നേതാവ് വി.ഡി സതീശനും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും യുഡിഎഫും എല്ലാം ഉന്നയിക്കുന്ന ഗുരുതരമായ ആരോപണങ്ങളിൽ നട്ടം തിരിയുന്ന പിണറായി വിജയൻ സർക്കാർ നിൽക്കക്കളിയില്ലാതെ കോൺഗ്രസ് നേതാക്കളെ അനാവശ്യമായി കേസിൽകുടുക്കാനാണ് ശ്രമിക്കുന്നത്.പിണറായി വിജയൻ സർക്കാരിന്റെ ഇത്തരത്തിലുള്ള ഹീനശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കണമെന്നും അഡ്വ.എ. എൻ രാജൻ ബാബു വ്യക്തമാക്കി.സമസ്ത മേഖലകളും തകർത്തതിനെ തുടർന്നുണ്ടായിരിക്കുന്ന ജനരോക്ഷം വഴിതിരിച്ചുവിടാനുള്ള ഗൂഢതന്ത്രമാണ് കോൺഗ്രസ് നേതാക്കൾക്കെതിരെ ഇവർ പ്രയോഗിക്കുന്നത്.

ഇത് ജനം തിരിച്ചറിഞ്ഞതിന്റെ ഫലമാണ് കെ.സുധാകരനും വി.ഡി സതീശനും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള ജനങ്ങളുടെ പ്രതികരണങ്ങളെന്നും ഇത് കണ്ട് തെറ്റു തിരുത്താനാണ് സർക്കാർ ശ്രമിക്കേണ്ടതെന്നും അഡ്വ.എ.എൻ രാജൻബാബു വ്യക്തമാക്കി.

# മഞ്ഞൾ ഗ്രാമം പദ്ധതിയ്ക്ക് തുടക്കം



**തിരുനെല്ലി:**ജില്ലാ കുടുംബശ്രീ മിഷൻ, തിരുനെല്ലി വന്ദൻ വികാസ് കേന്ദ്രം, തിരുനെല്ലി ആദിവാസി സമഗ്ര വികസന പദ്ധതി, തിരുനെല്ലി പഞ്ചായത്ത് സി.ഡി.എസ് എന്നിവയുടെ ആഭിമുഖ്യത്തിൽ തിരുനെല്ലി പഞ്ചായത്തിൽ നടപ്പിലാക്കുന്ന മഞ്ഞൾ ഗ്രാമം പദ്ധതിയ്ക്ക് ചേലൂർ നേതാജി കോളനിയിൽ തുടക്കമായി.

ആദിവാസി ഭാഷയിൽ മഞ്ഞളു ഗ്രാമം എന്ന് പേരിട്ട പദ്ധതിയുടെ ഉദ്ഘാടനം തിരുനെല്ലി പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ടി വത്സലകുമാരി നിർവഹിച്ചു. തിരുനെല്ലി പഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ പി. സൗമിനി അദ്ധ്യക്ഷത വഹിച്ചു. തിരുനെല്ലി പഞ്ചായത്തിലെ എല്ലാ വാർഡിലും കുറഞ്ഞത് ഒരേക്കർ സ്ഥലത്തെങ്കിലും മഞ്ഞൾ കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെ 15 എക്കർ സ്ഥലത്ത് മഞ്ഞൾ കൃഷി ചെയ്ത് ആദിവാസി വിഭാഗത്തിലെ സ്ത്രീകൾക്ക് വരുമാനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി. ബാലസുബ്രഹ്മണ്യൻ മുഖ്യപ്രഭാഷണം നടത്തി. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സ്പെഷ്യൽ പ്രോജക്ട് കോർഡിനേറ്റർ സായി കൃഷ്ണൻ, സ്പെഷ്യൽ പ്രോജക്ട് അസിസ്റ്റന്റ് കോർഡിനേറ്റർ യദു കൃഷ്ണൻ, ജെ.എൽ.ജി അംഗങ്ങൾ, ഗ്രാമസമിതി അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# പുത്തൂർ സുവോളജിക്കൽ പാർക്ക് ജനുവരിയിൽ തുറക്കും:മന്ത്രി



**തൃശ്ശൂർ:** ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ മൃഗശാലയായി മാറുന്ന പുത്തൂർ സുവോളജിക്കൽ പാർക്ക് അടുത്ത ജനുവരിയിൽ തുറക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ. തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ നിന്നും മൃഗങ്ങളേയും പക്ഷികളേയും ജൂലൈ മാസത്തിൽ തന്നെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ എത്തിക്കാൻ ആരംഭിക്കും.

കേരളത്തിന് പുറത്ത് നിന്നും ഇന്ത്യക്ക് വെളിയിൽ നിന്നും മൃഗങ്ങളെ എത്തിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടത്തി വരികയാണ്. കഴിഞ്ഞ ദിവസം പാലക്കാട് നെന്മാറയിൽ നിന്നും പുത്തൂരിൽ ചികിത്സക്കായി എത്തിച്ച പുലിക്കുട്ടിക്ക് മികച്ച ചികിത്സയാണ് നൽകുന്നതെന്നും പുലികുട്ടി ആരോഗ്യം വീണ്ടെടുത്ത് തുടങ്ങിയതായും മന്ത്രി പറഞ്ഞു. നെയ്യാറിൽ നിന്നും പുത്തൂരിൽ എത്തിച്ച ദുർഗയെ എത്തിച്ച ശേഷം മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു മന്ത്രി കെ രാജൻ.

ജില്ലാ കളക്ടർ വി ആർ കൃഷ്ണതേജ, അസിസ്റ്റന്റ് കളക്ടർ വി എം ജയകൃഷ്ണൻ, സുവോളജിക്കൽ പാർക്ക് ഡയറക്ടർ ആർ കീർത്തി ഐഎഫ്എസ്, പഞ്ചായത്തംഗങ്ങൾ തുടങ്ങിയവരും സന്നിഹിതരായിരുന്നു



# മാലിന്യ സംസ്കരണ മാതൃക പഠിക്കാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘം കുന്നംകുളത്തെത്തി

**കുന്നംകുളം:** ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയും കുന്നംകുളം നഗര സഭയും സംയുക്തമായി നടപ്പാക്കുന്ന മാലിന്യ സംസ്കരണ മാതൃകയെ കുറിച്ചു പഠിക്കാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം കുന്നംകുളം നഗരസഭയുടെ ഗ്രീൻ പാർക്കിലെത്തി.

കേന്ദ്ര നഗര കാര്യമന്ത്രാലയവും കുടുംബശ്രീ മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ ദിന ശില്പശാല യോട് അനുബന്ധിച്ച് ഉത്തർപ്രദേശ് എൻ യു എൽ എം മിഷൻ ഡയറക്ടർ അനിൽകുമാർ ന്റെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയ 21 ഉദ്യോഗസ്ഥർ ഉൾപ്പെട്ട സംഘമാണ് നഗരസഭയുടെ കീഴിൽ കുറുക്കൻപാറയിൽ പ്രവർത്തിക്കുന്ന ഗ്രീൻ പാർക്ക് സന്ദർശിച്ചത്.

ഗ്രീൻ പാർക്കിലെ ഹരിതകർമ്മസേന യൂണിറ്റ്, കയർ ഡിഫൈബറിങ് യൂണിറ്റ്, ജൈവ മാലിന്യത്തിൽ നിന്നും വളം നിർമ്മിക്കുന്ന യൂണിറ്റ് എന്നിവയാണ് സംഘം സന്ദർശിച്ചത്.

സംയോജന മാതൃകയുടെ പ്രവർത്തന രീതികൾ, വരുമാന ലഭ്യത, കുടുംബശ്രീ, നഗരസഭ എന്നിവ വഴി ലഭിക്കുന്ന വിവിധ പിന്തുണകൾ തുടങ്ങിയ കാര്യങ്ങൾ സംഘം സംരംഭകരായ വനിതകളിൽ നിന്നും ചോദിച്ചറിഞ്ഞു.

മാലിന്യ സംസ്കരണ രംഗത്തു നടപ്പാക്കാൻ കഴിയുന്ന മികച്ച മാതൃകയാണ് ഹരിത കർമ്മ സേന വഴി കുന്നംകുളം നടപ്പാക്കു ന്നതെന്ന് സംഘം അഭിപ്രായപ്പെട്ടു.

നഗരസഭ വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ,നഗരസഭ വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻപി എം സുരേഷ്, ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ സോമശേഖരൻ ടി, പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷ പ്രിയ സജീഷ്, കൗൺസിലർമാരായ പുഷ്പ മുരളി, സനൽകുമാർ, നഗരസഭാ സെക്രട്ടറി സന്ദീപ് കുമാർ വി എസ്, നഗരസഭ ആസൂത്രണ സമിതി ഉപാധ്യക്ഷൻ വി.മനോജ് കുമാർ ക്ലീൻ സിറ്റി മാനേജർ ലക്ഷ്മണൻ കെ എസ്, സിഡിഎസ് ചെയർപേഴ്സൺമാരായ ശശികല അനിരുദ്ധൻ, ഷിജി നികേഷ്, നഗരസഭ ഉദ്യോഗസ്ഥർ, എന്നിവർ സന്നിഹിതരായിരുന്നു.



# ഓണത്തെ വരവേൽക്കാൻ രണ്ടേക്കറിൽ കൃഷിയുമായി തൊഴിലുറപ്പ് തൊഴിലാളികൾ

**ആലപ്പുഴ**: വിഷരഹിതമായ പച്ചക്കറികളും നാടൻ പൂക്കളുമായി ഓണത്തെ വരവേൽക്കാൻ ഒരുങ്ങി പാണാവള്ളി ഗ്രാമപഞ്ചായത്ത് പതിനാറാം വാർഡ്. കൃഷിയുടെ നടീൽ ഉദ്ഘാടനം പാണാവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യ സന്തോഷ് നിർവഹിച്ചു.

വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ കാർത്തിക കൃഷിക്കൂട്ടം എന്ന ഗ്രൂപ്പാണ് ഓണക്കാല കൃഷിക്ക് തുടക്കം കുറിച്ചത്. 26 പേരാണ് ഇതിലുള്ളത്. രണ്ട് ഏക്കറോളം സ്ഥലം വെട്ടിത്തളിച്ചെടുത്തതിനു ശേഷമാണ് കൃഷി ആരംഭിച്ചത്. പാവൽ, പീച്ചിൽ, പടവലം, ചേന, വെണ്ട, വഴുതന, മഞ്ഞൾ, മുളക്, മത്തൻ, പയർ, കപ്പ, ചീര തുടങ്ങിയ പച്ചക്കറികളും ജമന്തി, വാടാമുല്ല എന്നിവയുമാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

പഞ്ചായത്തിലെ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രമായ മരതകത്തിൽ നിന്നാണ് കൃഷിക്ക് ആവശ്യമായ വിത്തുകൾ വാങ്ങിയത്. പയർ, പീച്ചിൽ വിത്തുകൾ കൃഷിഭവനിൽ നിന്നും സൗജന്യമായി നൽകി. വളപ്രയോഗം, പരിപാലനം തുടങ്ങിയവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ടെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കൃഷി കൂടുതൽ വിപുലമാക്കുമെന്നും തൊഴിലുറപ്പ് തൊഴിലാളികൾ പറഞ്ഞു.

## ദാക്ഷായണി വേലായുധൻ ജന്മദിനാഘോഷം: വിപുലമായ പരിപാടികൾ സംഘടിപ്പിക്കും

**കൊച്ചി:** ഭരണഘടന നിർമ്മാണസഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായംകുറഞ്ഞ അംഗവുമായിരുന്ന ദാക്ഷായണി വേലായുധന്റെ നൂറ്റിപതിനൊന്നാം ജന്മദിനാഘോഷം ജൂലൈ നാലിന് ജനകീയ പങ്കാളിത്തതോടെ വിപുലമായി ജില്ലയിൽ നടപ്പിലാക്കാൻ ജില്ലാ വികസന സമതിയോഗത്തിൽ തീരുമാനമായി. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ നടപ്പിലാക്കും.ആഘോഷങ്ങളുടെ ഭാഗമായി എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരങ്ങൾ നടക്കും. ശില്പശാലയും സാംസ്കാരിക സമ്മേളനവും അരങ്ങേറും. കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ വികസന സമിതി യോഗത്തിൽ നിർദേശം അറിയിച്ചതിനെ തുടർന്നാണ് തീരുമാനം.

## കേരള സവാരി: സ്വകാര്യ ഡ്രൈവർമാർക്ക് തൽസമയ രജിസ്ട്രേഷൻ

**കൊച്ചി:** സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ, ടാക്സി സംരംഭമായ കേരള സവാരിയുടെ പ്രവർത്തനം ജില്ലയിൽ ഉടൻ ആരംഭിക്കുന്നത്തിന്റെ ഭാഗമായി ഡ്രൈവർമാർക്ക് രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജില്ലയിൽ കേരളസവാരിയുടെ ഡ്രൈവർമാർക്കുള്ള തൽസമയ രജിസ്ട്രേഷൻ ക്യാമ്പ് ഈ മാസം 26ന് ചേരാനല്ലൂർ ആസ്റ്റർ മെഡിസിറ്റി ഓട്ടോ സ്റ്റാൻഡിലും,27ന് കളമശ്ശേരി ബി.ടി.ആർ മന്ദിരം പ്രീമിയർ കവല (അപ്പോളോ) എന്നിവിടങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ക്യാമ്പിൽ എല്ലാ ഓട്ടോ,ടാക്സി ഡ്രൈവർമാരും അവരുടെ ലൈസൻസ്, ആർ.സി ബുക്ക് എന്നിവയുമായിവന്ന് രജിസ്ട്രേഷൻ നടത്താം.നിലവിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അഭിമുഖത്തിൽ തിരുവനന്തപുരം ജില്ലയിൽ കേരള സവാരിയുടെ സേവനം നടന്നുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് : 9072272208,9188519857

## ജനറൽ ആശുപത്രിയിൽ അഭിമുഖം 29ന്

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് സെക്യൂരിറ്റി സ്റ്റാഫ് തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നു. താല്പര്യമുള്ളവർ ജൂൺ 29 ന് രാവിലെ 11 ന് സൂപ്രിന്റെ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള മുളന്തുരുത്തി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 101 അങ്കണവാടികളിലേക്ക് പ്രീ സ്ക്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച സ്ഥാപനങ്ങളിൽ വ്യക്തികളിൽ മത്സര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ ഏഴ് വൈകിട്ട് 3.30 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ മുളന്തുരുത്തി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായോ 04842786680, 9947864784 ഫോൺ നമ്പരിലോ ബന്ധപ്പെടണം.

## ഇ ടെണ്ടർ ക്ഷണിച്ചു

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ പീഡിയാട്രിക് വാർഡിനോടനുബന്ധിച്ച് കിഡ്സ് പ്ലേയിംഗ് ഏരിയ സജ്ജമാക്കുന്നതിൻറെ ഭാഗമായി കൺസ്ട്രക്ഷൻ ഓഫ് കിഡ്സ് പ്ലേയിംഗ് ഏരിയ ആൻറ് ആർട്ടിസ്റ്റിക് വർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സരാധിഷ്ഠിത സ്വഭാവമുള്ള ഇടെൻഡറുകൾ www.etenders.kerala.gov.in വെബ്സൈറ്റ് മുഖേന ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേ അവസാന തീയതി ജൂലൈ 12ന് വൈകിട്ട് അഞ്ചു വരെ.

## വിവിധ പദ്ധതികളിലേക്ക് അപേക്ഷിക്കാം

**ആലപ്പുഴ:** ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽകൃഷി വികസന പദ്ധതിയിലെ വിവിധ പദ്ധതി ഘടകങ്ങളിൽ ഗുണഭോക്താക്കളാകാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജൂലൈ 15 വരെ https://ksheersaree.kerala.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തില് പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണം.

### പകർച്ചവ്യാധി പ്രതിരോധം:

# ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ശക്തമാക്കും



**കൊച്ചി:**ജില്ലയിൽ ഡെങ്കിപ്പനി അടക്കമുള്ള പകർച്ചവ്യാധികൾ വർധിക്കുന്ന സാഹചര്യത്തിൽ ജനകീയ പങ്കാളിത്ത ത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ പ്രാദേശിക തലങ്ങളിൽ ശക്തമായി നടപ്പാക്കാൻ ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനം.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പ കളുടെ യും സഹകരണ ത്തോടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ആരോഗ്യവകുപ്പിന് നിർദേശം നൽകി. എലിപ്പനി അടക്കമുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ തൊഴിലുറപ്പ് തൊഴിലാളികൾ, കന്നുകാലി അനുബന്ധ തൊഴിൽ ചെയ്യുന്നവർ, കർഷകർ, ശുചീകരണ തൊഴിലാളികൾ എന്നിവർ ഡോക്സി സൈക്ലിൻ കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കും. ഉറവിട നശീകരണത്തിന്റെ ഭാഗമായി ഫോഗിംഗ്, സ്പ്രേയിങ്, വഴിയരികിലെ കാടുകൾ വെട്ടിത്തെളിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും. പകർച്ചവ്യാധികൾ കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളിൽ ഇത് വേഗത്തിൽ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.റോഡരികിൽ കിടക്കുന്ന ആവശ്യമില്ലാത്ത പൈപ്പുകൾ കൊതുകിന്റെ ഉറവിടമാകുന്നതിനാൽ നീക്കം ചെയ്യാൻ വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകി. തീരപ്രദേശങ്ങളിൽ വള്ളങ്ങളിലും ബോട്ടുകളിലും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാനും ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നിർദേശം നൽകിയിട്ടുണ്ട്. വെള്ളിയാഴ്ചകളിൽ വിദ്യാലയങ്ങളിൽ, ശനിയാഴ്ച സ്ഥാപനങ്ങളിൽ, ഞായറാഴ്ച വീടുകളിൽ എന്നിങ്ങനെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി ഉറവിട നശീകരണം ഉറപ്പാക്കും. തെരുവ് നായ്ക്കളെ വന്ധ്യകരണം ചെയ്യുന്നതിനായി വടവുകോട്, മുളന്തുരുത്തി ബ്ലോക്കുകളിൽ ജൂലൈ മാസത്തോടുകൂടി എ.ബി.സി ക്ലിനിക് യാഥാർത്ഥ്യമാകും. ബ്രഹ്മപുരത്ത് നിലവിലുള്ള ക്ലിനിക്കിനോട് ചേർന്ന് പുതിയ എ ബി.സി യൂണിറ്റ് നിർമ്മിക്കും.ഭരണഘടന നിർമാണസഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായംകുറഞ്ഞ അംഗവുമായിരുന്ന ദാക്ഷായണി വേലായുധന്റെ ജന്മദിനാഘോഷം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ ആവശ്യപ്പെട്ടു. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 27 പട്ടികജാതി കുടുംബങ്ങളുടെ സ്ഥലവും ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങൾക്കായി വാങ്ങിയ സ്ഥലവും പോക്കുവരവ് ചെയ്യാനുള്ള നടപടികൾ വേഗത്തിലാക്കാൻ എം.എൽ.എ നിർദേശിച്ചു.മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി കടലാക്രമണം തടയുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ, കനാലുകളുടെ ശുചീകരണ പ്രവർത്തനം എന്നിവയും വിലയിരുത്തി. വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ ഇ ഓഫീസ് സംവിധാനം സജ്ജമാക്കുന്നതിന് എത്രയും പെട്ടെന്ന് ലാപ് ടോപ്പുകൾ സജ്ജമാക്കണം. പള്ളിപ്പുറത്തെ സൈക്ലോൺ ഷെൽട്ടറിൽ അടിസ്ഥാന സൗകര്യമുറപ്പാക്കി പ്രവർത്തന സജ്ജമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ചേരാനല്ലൂർ രജിസ്ട്രാർ ഓഫീസ് എറണാകുളം സൗത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി.ജെ വിനോദ് എം.എൽ.എ നിർദേശിച്ചു. ചിറ്റൂർ വടുതല മേഖലകളിലെ കുടിവെള്ള പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന് എം.എൽ. എ പറഞ്ഞു. നഗരത്തിൽ ഇറച്ചിക്കടകളിലും, ഹോട്ടലുകളിലും പഴകിയ മാംസപദാർത്ഥങ്ങളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും, കുട്ടികളുടെ ഇടയിലെ മയക്കുമരുന്ന് ഉപയോഗം പ്രതിരോധിക്കാനും പരിശോധന ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ വികസന കമ്മീഷണർ എസ്. മാധവിക്കുട്ടി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാൻ, ജില്ലാ പ്ലാനിങ്ങ് ഓഫീസർ പി.എ. ഫാത്തിമ, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യമുക്ത നവകേരളം: ശ്രദ്ധേയമായി ശുചിത്വ മിഷന്റെ ബോധവൽക്കരണ മൈം



**കൊച്ചി:** മാലിന്യമുക്ത നവകേരളംക്യാമ്പയിന്റ ഭാഗമായി ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധയിടങ്ങളിൽ മൈം സംഘടിപ്പിച്ചു. കളക്ടറേറ്റ്, വൈറ്റില മൊബിലിറ്റി ഹബ്ബ്, സൗത്ത് റെയിൽ വേ സ്റ്റേഷൻ, മറൈൻ ഡ്രൈവ് എന്നിവിടങ്ങളിൽ മൈം സംഘടിപ്പിച്ചു.ജില്ലാ ശുചിത്വ മിഷനും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിലെ എം.എസ്. ഡബ്ല്യു വിദ്യാർഥികളും സംയുക്തമായാണ് മൈം സംഘടിപ്പിച്ചത്. കേരളത്തെ മാലിന്യ മുക്തമാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യ സംസ്കരണ ശീലങ്ങൾ, ശരിയായ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത എന്നീ വിഷയങ്ങളിൽ ഊന്നൽ നൽകി കൊണ്ടാണ് മൈം അവതരിപ്പിച്ചത്. വിവിധയിടങ്ങളിൽ സംഘടിപ്പിച്ച പരിപാടിക്ക് മികച്ച പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്ന് ലഭിച്ചത്. വരും ദിവസങ്ങളിൽ പരിപാടി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടക്കം മൈം അവതരിപ്പിക്കും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ശീലങ്ങൾ മാറ്റുന്നതിനായി ആക്ഷൻ പ്ലാൻ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്.സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ ഇടപെട്ട് കൃത്യമായ മാലിന്യ സംസ്കരണം നടപ്പാക്കുന്നതിനുള്ളബോധവത്കരണ പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികളുമായി ചേർന്ന് നടപ്പിലാക്കുന്നത്.

# ഒമെൻ ട്രാൻസ്സെൻഡ് 16 ഗെയിമിംഗ് ലാപ്ടോപ്പുകൾ പുറത്തിറക്കി എച്ച് പി

**കൊച്ചി:** ഒമെൻ & വിക്ടസ് ഗെയിമിംഗ് ശ്രേണിയിലെ ഏറ്റവും പുതിയ ഒമെൻ ട്രാൻസ്സെൻഡ് 16, ഒമെൻ 16, വിക്റ്റസ് 16 എന്നീ ലാപ്ടോപ്പുകൾ പ്രഖ്യാപിച്ച് എച്ച് പി. . ഗെയിമിംഗ് അനുഭവം ഉയർത്താൻ വൈവിധ്യമാർന്ന നൂതന ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നവയാണ് ഈ ലാപ്ടോപ്പുകളെന്ന് എച്ച്പി ഇന്ത്യ സീനിയർ ഡയറക്ടർ (പേഴ്സണൽ സിസ്റ്റംസ്) വിക്രം ബേദി പറഞ്ഞു.ശക്തമായ പുതിയ ഒമെൻ ഗെയിമിംഗ് ഹബ് ഫീച്ചറുകൾ ഉപയോഗിച്ച് ഗെയിമർമാർക്കായി വ്യക്തിഗതമാക്കിയ പി സി അനുഭവങ്ങൾക്കായി ഒരുക്കിയിട്ടുള്ളതാണ്. ഒമെൻ ഒപ്റ്റിമൈസറിലെ പ്രോസസർ കോർ അഫിനിറ്റി ഒപ്റ്റിമൈസേഷൻ എഫ്പിഎസ്സിൽ 10 ശതമാനം വരെ മെച്ചപ്പെടുത്താൻ സഹായിക്കുന്നു. ഇക്കോ മോഡ് 20 ശതമാനം വരെ ദൈർഘ്യമേറിയ ബാറ്ററി ലൈഫും ഒമെൻ, വിക്ടസ് ലാപ്ടോപ്പുകളിലെ ഫാൻ നോയിസ് 7 ഡിബി വരെ കുറയ്ക്കുകയും ചെയ്യുന്നു. പെർഫോമൻസ് മോഡ്, നെറ്റ്വർക്ക് ബൂസ്റ്റർ, സിസ്റ്റം വൈറ്റൽസ്, ഒമെൻ ഗെയിമിംഗ് ഹബ് തുടങ്ങിയ മറ്റ് ഫീച്ചറുകളുമായി സംയോജിപ്പിച്ച് ഗെയിമിംഗ് ഉപകരണങ്ങളെ കൂടുതൽ ആസ്വാദ്യകരമായ അനുഭവത്തിനായി ഒരുമിച്ച് പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നവയാണ്. നവിഡിയണ്ണ ജിഫോഴ്സ്ണ്ണ ആർടിഎക്സ്4070 സീരീസ് ഗ്രാഫിക്സും 13ാം ജെൻ ഇന്റൽണ്ണ കോർ ഐ9 13900എച്ച്എക്സ് പ്രോസസറും ഉള്ള ശക്തമായ പ്രകടന ശേഷിയുള്ള എച്ച് പിയുടെ ഏറ്റവും കനം കുറഞ്ഞതും ഭാരം കുറഞ്ഞതുമായ ഗെയിമിംഗ് പി സി ആണ് ഒമെൻ ട്രാൻസ്സെൻഡ് 16 ലാപ്ടോപ്പ്. കട്ടിംഗ് എഡ്ജ് സ്ക്രീൻ, പ്രീമിയം സ്ലിം ഷാസി, ഉയർന്ന നിലവാരമുള്ള ആന്തരിക ഘടകങ്ങൾ എന്നിവ ഉപയോഗിച്ച് മികച്ച ഗെയിമിംഗിനും അനുഭവം സൃഷ്ടിക്കുന്നതിനായി ഇവ രൂപകല്പന ചെയ്തിരിക്കുന്നു. 2.1കിലോഗ്രാമിലും 19.9 എംഎംലും താഴെ വരുന്ന, എച്ച് പിയിൽ നിന്നുള്ള ഏറ്റവും കനം കുറഞ്ഞതും ഭാരം കുറഞ്ഞതുമായ ഗെയിമിംഗ് ലാപ്ടോപ്പാണ് ഒമെൻ ട്രാൻസ്സെൻഡ് 16.ഇതിനൊപ്പംതന്നെ മുഴുകുന്ന ഗെയിമിംഗ് അനുഭവത്തിനായി എച്ച് പി പുതിയ ഹൈപ്പർഎക്സ് 27 ക്യുഎച്ച്ഡി ഗെയിമിംഗ് മോണിറ്ററും അവതരിപ്പിച്ചു. പുതിയ ഹൈപ്പർ 27 ക്യുഎച്ച്ഡി ഗെയിമിംഗ് മോണിറ്റർ ഗെയിമിൽ അതീവ താൽപ്പര്യമുള്ളവർക്കായി നിർമ്മിച്ചതാണ്. ഗെയിമിംഗിനൊപ്പം സിനിമകൾ, വീഡിയോകൾ എന്നിവയും ഇഷ്ടാനുസൃതമായി കാണാവുന്ന തരത്തിലാണ് മോണിറ്റർ സജ്ജീകരണം. ഡെസ്ക് സ്പേസ് മികച്ച രീതിയിൽ ഒപ്റ്റിമൈസ് ചെയ്യാൻ ക്രമീകരിക്കാം. ലോകത്തെ മുൻനിര പിസി ഗെയിമിംഗ് രാജ്യങ്ങളിലൊന്നായി ഇന്ത്യയെ സ്ഥാപിക്കുന്ന രീതിയിൽ ഇന്ത്യയിലെ യുവാക്കൾ മുമ്പെങ്ങുമില്ലാത്തവിധം പിസി ഗെയിമിംഗ് ഇന്ന് സ്വീകരിക്കുന്നു. ഗെയിമർമാരുടെ നൂതന ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ് എച്ച് പിയുടെ പുതിയ ഗെയിമിംഗ് പോർട്ട്ഫോളിയോ നിർമ്മിച്ചിരിക്കുന്നത്. അതുവഴി ഗെയിമർമാർക്ക് മികച്ച അനുഭവങ്ങൾ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നുവയാണ് ഇവയെന്നും വിക്രം ബേദി പറഞ്ഞു.ഒമെൻ ട്രാൻസെന്റ് 16 ലാപ്ടോപ്പ് 1,59,999/ പ്രാരംഭ വിലയിലും ഒമെൻ 16 ലാപ്ടോപ്പ് 1,04,999/ പ്രാരംഭ വിലയിലും വിക്ടസ് 16 ലാപ്ടോപ്പ് 59,999 രൂപ പ്രാരംഭ വിലയിലും ലഭ്യമാണ്. ഹൈപ്പർ എക്സ് 27 ക്യുഎച്ച് ഡി ഡിസ്പ്ലേ മോണിറ്ററിന്റെ പ്രാരംഭ വില 30,990/ ആണ്.



# വോയ്സ് ഓഫ് സത്യനാഥൻ: ട്രെയ്‌ലർ റിലീസ് ചെയ്തു




**കൊച്ചി:** മലയാള സിനിമാ ബോക്സ് ഓഫീസിൽ ഹിറ്റുകൾ സമ്മാനിച്ച ജനപ്രിയനായകൻ ദിലീപ് റാഫി ചിത്രം വോയ്സ് ഓഫ് സത്യനാഥന്റെ ട്രെയ്‌ലർ റിലീസായി. കൊച്ചിയിലെ സ്വകാര്യ ഹോട്ടലിൽ നടന്ന ചിത്രത്തിന്റെ പ്രൊമോഷൻ ലോഞ്ച് ചടങ്ങിലാണ് മലയാളത്തിന്റെ മെഗാ സ്റ്റാർ മമ്മൂട്ടി ട്രെയ്‌ലർ റിലീസ് ചെയ്തത്. ഹിറ്റ് ചിത്രങ്ങൾ സമ്മാനിച്ച ദിലീപ് റാഫി കൂട്ടുകെട്ടിലെത്തുന്ന ചിത്രം കുടുംബപ്രേക്ഷകർ ഏറ്റെടുക്കുമെന്ന് ട്രെയ്‌ലർ തന്നെ സൂചിപ്പിക്കുന്നു. സിനിമാ മേഖലയിലെ വിവിധ മേഖലകളിലെ പ്രഗത്ഭരായ വ്യക്തികളും, ചിത്രത്തിലെ താരങ്ങളും അണിയറപ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു. ജൂലൈ 14 നാണ് ചിത്രം തിയേറ്ററുകളിലേക്കെത്തുന്നത്.പഞ്ചാബി ഹൗസ്, പാണ്ടിപ്പട, ചൈന ടൗൺ, തെങ്കാശിപ്പട്ടണം,റിംങ് മാസ്റ്റർ എന്നി ചിത്രങ്ങൾക്കു ശേഷം ദിലീപും റാഫിയും ഒന്നിക്കുന്ന ചിത്രമായ വോയിസ് ഓഫ് സത്യനാഥൻ നിർമ്മിക്കുന്നത് ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽഎന്നിവർ ചേർന്നാണ്.ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ മഞ്ജു ബാദുഷ,നീതു ഷിനോജ്,കോ പ്രൊഡ്യൂസർ : രോഷിത് ലാൽ വി 14 ഇലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ (യു ഏ ഇ)ചിത്രത്തിന്റെ ഛായാഗ്രഹണം : സ്വരുപ് ഫിലിപ്പ്,സംഗീതം :അങ്കിത് മേനോൻ,എഡിറ്റർ :ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരം :സമീറ സനീഷ്, കല സംവിധാനം : എം ബാവ, പ്രൊഡക്ഷൻ കൺട്രോളർ : ഡിക്സൺ പൊടുത്താസ്,മേക്കപ്പ് : റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ്: സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ: മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ: ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ,ഡിജിറ്റൽ മാർക്കറ്റിംഗ് :മാറ്റിനി ലൈവ്, സ്റ്റിൽസ് : ശാലു പേയാട്, ഡിസൈൻ : ടെൻ പോയിന്റ്, പി ആർ ഓ : പ്രതീഷ് ശേഖർ.

# ലോഞ്ജീൻ കേരള വിപണിയിലേക്ക്

## ലോഞ്ജീന്റെ ഇന്ത്യയിലെ ഏഴാമത്തെ ബൊട്ടീക്കാണ്




**തിരുവനന്തപുരം:** വർഷങ്ങളോളം കേരള വിപണിയിലെ പഠനങ്ങൾക്ക് ശേഷം തിരുവനന്തപുരത്ത് തങ്ങളുടെ ആദ്യത്തെ ബോട്ടിക് തുറന്ന് ലോഞ്ജീൻ. തിരുവനന്തപുരം ലുലു മാളിന്റെ പ്രധാന സെക്ഷനിൽ സ്ഥിതി ചെയ്യുന്ന ഇത് ലോഞ്ജീന്റെ ഇന്ത്യയിലെ ഏഴാമത്തെ ബൊട്ടീക്കാണ്.നടി തമന്ന ഭാട്ടിയ, ലോഞ്ജീൻ ഇന്ത്യ മേധാവി അച്ല ചൗള, സ്വിസ് ടൈം ഹൗസ് ഡയറക്ടർ ഹാഫിസ് സലാഹുദീൻ എന്നിവർ ചേർന്നാണ് ബൊട്ടീക്ക് ഉദ്ഘാടനം നിർവഹിച്ചത്. ബ്രാൻഡിൽ നിന്നുള്ള ഏറ്റവും പുതിയ ഉത്പന്നമായ ലോഞ്ജീൻ കോൺക‌ാസ്റ്റ് ചടങ്ങിൽ തമന്നക്ക് സമ്മാനമായി നൽകി.ലോഞ്ജീന്റെ ചാരുത എപ്പോഴും എന്നെ അതിലേക്ക് ആകർഷിച്ചിട്ടുണ്ട്. 190 വർഷത്തിലേറെ പാരമ്പര്യമുള്ള ഈ ബ്രാൻഡിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തോഷവതിയാണ്. കേരളത്തിലെ ജനങ്ങൾ ലോഞ്ജീൻ ബ്രാൻഡിനോട് അവരുടെ സ്നേഹം കാണിക്കുമെന്നും ഈ ബൊട്ടീക്ക് വൻ വിജയമാകുമെന്നും ഞാൻ പ്രത്യാശിക്കുന്നുവെന്ന് തമന്ന പറഞ്ഞു.954ൽ ആദ്യമായി രജിസ്റ്റർ ചെയ്ത ശേഖരമായ ലോഞ്ജീൻ കോൺകാസ്റ്റ്, ഐക്കോണിക് സ്പോർട്സ് ലൈനിൽ പുതിയ മാറ്റങ്ങളോടെ വിപണിയിലെത്തുകയാണ് . 1950കളുടെ മധ്യത്തിലെ ആദ്യകാല മോഡലുകളുടെ സൗന്ദര്യശാസ്ത്രത്തിൽ ഊന്നികൊണ്ട് 10 ബാർ (100 മീറ്റർ) വരെ ജലത്തെ പ്രതിരോധിക്കുന്നതും സുതാര്യമായ സ്ക്രൂഡൗൺ ബാക്ക് ഉള്ളതുമായ സ്റ്റീൽ കെയ്സിലാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഉൽപ്പന്നവുമായി സംവദിക്കാൻ ഉപഭോക്താവിനെ അനുവദിക്കുന്ന സമകാലീന സൗന്ദര്യാത്മകവും നൂതനവുമായ വ്യാപാര അന്തരീക്ഷം നൽകുകയും ആകർഷകവും സംവേദനാത്മകവുമായ ഉപഭോക്തൃ അനുഭവം നൽകുകയും ചെയ്യുന്നതാണ് ഈ സ്റ്റോറുകൾ. ലോഞ്ജീൻ സ്പിരിറ്റ്, ദി ലോഞ്ജീൻ മാസ്റ്റർ കളക്ഷൻ, ലോഞ്ജീൻ പ്രൈമലൂണ, ഹൈഡ്രോ കോൺകാസ്റ്റ്, ലാ ഗ്രാൻഡെ ക്ലാസിക് ഡി ലോഞ്ജീൻ, ലോഞ്ജീൻ ഡോൾസെവിറ്റ തുടങ്ങിയ ശേഖരങ്ങൾ ഉൾപ്പെടുന്ന ഏറ്റവും പുതിയ ലോഞ്ജീൻ ഉത്പന്നങ്ങൾ കാണുവാനും ഉപയോഗിച്ച് നോക്കാനും സ്റ്റോറിൽ സൗകര്യമുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി

# അമിത് ചക്കാലക്കൽ നായകനാകുന്ന 'അസ്ത്രാ'യുടെട്രെയിലർ റിലീസായി




**കൊച്ചി:** പോറസ് സിനിമാസിന്റെ ബാനറിൽ പ്രേംകല്ലാട്ട് അവതരിപ്പിക്കുന്ന 'അസ്ത്രാ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ പ്രശസ്ത താരങ്ങളുടെ ഫെയ്സ്ബുക്ക് പേജിലൂടെ റിലീസായി.ആസാദ് അലവിൽ സംവിധാനം ചെയ്യുന്ന 'അസ്ത്രാ ' പ്രേം കല്ലാട്ട്, പ്രീനന്ദ് കല്ലാട്ട് എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. അമിത് ചക്കാലക്കൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ പുതുമുഖ താരം സുഹാസിനി കുമരൻ നായികയാകുന്നു. കലാഭവൻ ഷാജോൺ, സന്തോഷ് കീഴാറ്റൂർ,ശ്രീകാന്ത് മുരളി,സുധീർ കരമന,അബുസലിം, ജയകൃഷ്ണൻ, രേണു സൗന്ദർ,മേഘനാഥൻ, ചെമ്പിൽ അശോകൻ,പുതുമുഖ താരം ജിജു രാജ്, നീനാക്കുറുപ്പ്,ബിഗ്ബോസ് താരം സന്ധ്യാമനോജ്, പരസ്പരം പ്രദീപ്, സനൽ കല്ലാട്ട് തുടങ്ങിയവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു.ബി കെ ഹരിനാരായണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവരുടെ വരികൾക്ക് മോഹൻ സിത്താര ഈണം പകരുന്നു. പശ്ചാത്തലസംഗീതം റോണി റാഫേൽ. വയനാടിന്റെ പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ ദൃശ്യവൽക്കരിക്കുന്ന ഈ ക്രൈം ത്രില്ലർ ചിത്രത്തിന്റെ രചന നവാഗതരായ വിനു.കെ.മോഹൻ, ജിജുരാജ് എന്നിവർ നിർവ്വഹിക്കുന്നു.മണി പെരുമാൾ ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റിംഗ്അഖിലേഷ് മോഹൻ,ചമയം രഞ്ജിത്ത് അമ്പാടി. വസ്ത്രലങ്കാരം അരുൺ മനോഹർ. പ്രൊഡക്ഷൻ കൺട്രോളർ രാജൻ ഫിലിപ്പ്, കലാസംവിധാനം ശ്യാംജിത്ത് രവി, സംഘട്ടനം മാഫിയ ശശി.'അസ്ത്രാ' ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒ എ എസ് ദിനേശ്.

# മലബാറിൽ കല്ലുമ്മക്കായ ഉൽപാദനത്തിൽ ഒന്നരമടങ്ങിലേറെ വർധനവ്

**കോഴിക്കോട്:** കഴിഞ്ഞ വർഷം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളടങ്ങിയ മലബാർ മേഖലയിൽ കല്ലുമ്മക്കായയുടെ ഉൽപാദനത്തിൽ ഒന്നരമടങ്ങിലധികം വർധനവുണ്ടായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മേഖലയിൽ കല്ലുമ്മക്കായ കൃഷിയിൽ 160 ശതമാനത്തിന്റെ വർധനവാണുണ്ടായത്. കാസർകോട് ജില്ലയിലെ പടന്നയിലാണ് ഏറ്റവും കൂടുതൽ ഉൽപാദനം. കടലിൽ നിന്നുള്ള ലഭ്യതയിലെ വർധനവ് 15 ശതമാനമാണ്. എന്നാൽ, വിലയിടിവ് സംഭവിച്ചതോടെ ഉൽപാദനവർധനവിനനുസരിച്ചുള്ള വരുമാനനേട്ടം കല്ലുമ്മക്കായ കർഷകർക്കും തൊഴിലാളികൾക്കും ലഭിച്ചില്ലെന്നാണ് വിലയിരുത്തൽ. ഈ പ്രതിസന്ധി പരിഹരിക്കാൻ, ഉൽപാദനം കൂടുന്നതിനനുസരിച്ച് കല്ലുമ്മക്കായയുടെ മൂല്യവർധിത ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണമെന്ന് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ നിർദേശിച്ചു.മേഖലയിൽ നിന്നുള്ള കടൽമത്സ്യലഭ്യതയിലും കഴിഞ്ഞ വർഷം വർധനവുണ്ടായി. 1.99 ലക്ഷം ടൺ മത്സ്യമാണ് മലബാറിലെ തീരങ്ങളിൽ നിന്നും കഴിഞ്ഞ വർഷം പിടിച്ചത്. 38 ശതമാനമാണ് വർധനവ്. കേരളത്തിന്റെ സമുദ്രമത്സ്യോൽപാദനത്തിൽ 29 ശതമാനം പിടിച്ചത് മലബാർ ജില്ലകളിൽ നിന്നാണ്.കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സിഎംഎഫ്ആർഐയുടെ കോഴിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ചേർന്ന മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും അനുബന്ധമേഖലയിൽ പ്രവർത്തിക്കുന്നവരുടെയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും ശിൽപശാലയിലാണ് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ കണക്കുകൾ അവതരിപ്പിച്ചത്.പ്രിൻസിപ്പൽ സയന്റിസ്റ്റ് ടി എം നജ്മുദീൻ കണക്കുകൾ അവതരിപ്പിച്ചു. ചെറുമീൻപിടുത്തം കർഷമനമായി നിയന്ത്രിച്ചാൽ മത്സ്യമേഖലക്ക് സാമ്പത്തിക നേട്ടമുണ്ടാക്കാമെന്ന് അദ്ദേഹം പറഞ്ഞു.അഴിമുഖങ്ങളിലെ മൺതിട്ടകൾ കായലുകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ തീരദേശ മത്സ്യോൽപാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. അഴിമുഖങ്ങളിൽ മണൽതിട്ടകൾ രൂപപ്പെടുന്നത്സ്വാഭാവിക ഒഴുക്കും പാരിസ്ഥിതിക സന്തുലനാവസ്ഥയും തടസ്സപ്പെടുത്തുന്നു. മത്സ്യസമ്പത്തിനെ ഇത് ബാധിക്കും. കായൽസംരക്ഷണവും കണ്ടൽവനങ്ങളുടെ സംരക്ഷണവും തീരദേശ മത്സ്യോൽപാദനത്തിന് അനിവാര്യമാണെന്നും സിഎംഎഫ്ആർഐ കോഴിക്കോട് ഗവേഷണ കേന്ദ്രം മേധാവി ഡോ കെ വിനോദ് പറഞ്ഞു.കയറ്റുമതിചെയ്യുന്ന ചെമ്മീൻ ഇനങ്ങൾക്ക് വിലകുറയുന്നത് ആശങ്കാജനകരമാണെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നിനുള്ള ശ്രമങ്ങളുണ്ടാകണം. നയരൂപീകരണങ്ങളിൽ മലബാറിനെ അവഗണിക്കരുത്. മത്സ്യമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണം. ചെറുമീൻപിടുത്തനിയന്ത്രണം വിജയകരമാക്കാൻ വിതരണവിൽപന ഉപഭോഗരംഗത്തും നിയമം പ്രാബല്യത്തിൽ വരുത്തണംഎന്നീ നിർദേശങ്ങൾ അവർ മുന്നോട്ടുവെച്ചു.ഡോ കെ വി അഖിലേഷ്, ഡോ വി മഹേഷ്, മത്സ്യവകുപ്പ് അഡീഷണൽ ഡയറക്ടർ കെ എ ലബീബ്, എൻ പി രാധാകൃഷ്ണൻ, ഉമേഷ് പുതിയാപ്പ എന്നിവർ സംസാരിച്ചു.സമുദ്രമത്സ്യമേഖലയിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന്റെ ഭാഗമായാണ് മലബാർ മേഖലയിലുള്ള ഗുണഭോക്താക്കളുമായി കോഴിക്കോട്ട് ചർച്ച നടത്തിയത്. നേരത്തെ കേരളത്തിന്റെ മധ്യതെക്കൻ മേഖലകളിലും ഇത്തരത്തിൽ ശിൽപശാല നടത്തിയിരുന്നു.



# ബോധവത്ക്കരണ ക്യാമ്പയിനുമായി റോഫ്




**തിരുവനന്തപുരം:** നിർമാണങ്ങൾക്കും മറ്റ് പ്രത്യേക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന രാസവസ്തുക്കളുടെ നിർമാതാക്കളായ പിഡിലൈറ്റിൽ നിന്നുള്ള പ്രത്യേക ബ്രാൻഡായ റോഫ്, പുതിയ ഉപഭോക്തൃ ബോധവൽക്കരണ ക്യാമ്പയിൻ പ്രഖ്യാപിച്ചു. ടൈലുകൾ ഘടിപ്പിക്കുമ്പോൾ പരമ്പരാഗത രീതികൾ ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ഉപഭോക്താക്കളിൽ അവബോധം വർധിപ്പിക്കുകയാണ് ലക്ഷ്യം. വിള്ളലുകൾ വീണ ടൈലുകൾ, ഒട്ടിക്കുന്നത് വിട്ടുപോരൽ, അടർന്ന് വീണു പോകുന്ന ടൈലുകൾ, രൂപഭംഗിയില്ലാത്ത വിരിക്കൽ എന്നിങ്ങനെ പരമ്പരാഗത ടൈൽ ഘടിപ്പിക്കൽ രീതികളായ സിമന്റ് ഉൾപ്പെടെയുള്ളവ ഉപയോഗിക്കുന്നത് കൊണ്ടുള്ള പ്രശ്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കാൻ ക്യാമ്പയിൻ ലക്ഷ്യമിടുന്നു. ടൈലുകൾ വിരിക്കുമ്പോൾ ആളുകൾ നേരിടുന്ന പതിവ് പ്രശ്നങ്ങളെ കുറയ്ക്കാനും ഇല്ലായ്മ ചെയ്യാനുമായി പ്രത്യേകം രൂപകൽപന ചെയ്തതാണ് റോഫ് ടൈൽ പശകളെന്ന് പുതിയ പ്രചാരണ പരിപാടിയെ കുറിച്ച് സംസാരിക്കവെ പിഡിലൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിങ്ങ് ഡയറക്ടർ സുധാൻശു വത്സ് പറഞ്ഞു.

# 1000 സൂപ്പർ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുമായി ഗോ ഇ.സി ഓട്ടോടെക്

**കൊച്ചി:** രാജ്യവ്യാപകമായി 1000 സൂപ്പർ ഫാസ്റ്റ് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ഗോ ഇ.സി ഓട്ടോടെക് പ്രൈവറ്റ് ലിമിറ്റഡ് ലക്ഷ്യമിടുന്നതെന്ന് ഗോ ഇ.സി ഓട്ടോടെക് പ്രൈവറ്റ് ലിമിറ്റഡ് സി.ഇ.ഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ പി.ജി രാംനാഥ് പറഞ്ഞു.ഒരു വർഷത്തിനിടെ 103 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ചരിത്രം കുറിച്ച ശേഷമാണ് ഇലക്ട്രിക് വാഹന മേഖലയിൽ തന്നെ വലിയ വിപ്ലവത്തിന് വഴിയൊരുക്കുന്ന പ്രഖ്യാപനം.ചാർജിംഗ് സ്റ്റേഷനുകളുടെ അഭാവം ഇന്നും പ്രശ്നം തന്നെയാണ്. ഇവിടെയാണ് ഗോ ഇ.സിയുടെ പ്രാധാന്യം. ഇതിനോടകം കേരളത്തിലുടനീളം 70 ചാർജിംഗ് സ്റ്റേഷനുകളും സംസ്ഥാനത്തിന് പുറത്ത് 33 ചാർജിംഗ് സ്റ്റേഷനുകളുമാണ് ഗോ ഇ.സിയുടേതായി പ്രവർത്തിക്കുന്നത്. ഒരു വർഷത്തിനിടെ ഇത്രയധികം സ്റ്റേഷനുകൾ സ്ഥാപിക്കാൻ കഴിഞ്ഞത് ഒരു സ്റ്റാർട്ടപ്പ് കമ്പനി എന്ന നിലയിൽ വലിയ നേട്ടം കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.സാധാരണ ഗതിയിൽ അഞ്ചും ആറും മണിക്കൂറുകളെടുത്തുള്ള ചാർജിംഗ് വളരെ വേഗത്തിലാക്കാൻ കഴിയും എന്നതാണ് സൂപ്പർ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ പ്രത്യേകത. പുതിയ പദ്ധതിയിലൂടെ എല്ലാ സംസ്ഥാനങ്ങളുടെയും തലസ്ഥാനങ്ങളിലും ടയർ2, ടയർ3 നഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും സൂപ്പർ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഇതിന് പുറമേ സംസ്ഥാന, ദേശീയ പാതയോരങ്ങളിലും തന്ത്ര പ്രധാനമായ സ്ഥലങ്ങളിലും രാജ്യത്തെ പ്രമുഖ ഷോപ്പിംഗ് മാളുകളിലും റെസ്റ്റോറന്റുകളിലും കൂടി ചാർജിംഗ് സൗകര്യം ഒരുങ്ങുന്നതോടെ ദീർഘ ദൂര യാത്രകൾക്കും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാനാകും. രാജ്യം മുഴുവൻ ഇ.വി കണക്ടിവിറ്റി യഥാർത്ഥ്യമാകുന്നതോടെ യാത്രാചിലവ് ഗണ്യമായി കുറയുമെന്നതും അന്തരീക്ഷ മലിനീകരണം ഒഴിവാക്കാൻ കഴിയുമെന്നതും നേട്ടമാണ്.ഇലക്ട്രിക് വാഹന ഉപയോക്താക്കളെ ശാക്തീകരിക്കുകയും ഹരിത ഭാവിയിലേക്കുള്ള മാറ്റത്തിന്റെ വേഗം കുറക്കുകയുമാണ് തങ്ങളുടെ ലക്ഷ്യമെന്നും പി.ജി രാംനാഥ് പറഞ്ഞു. വൈദ്യുത വാഹന ഉടമകൾ നേരിടുന്ന പ്രധാന തടസ്സം മതിയായ ചാർജിംഗ് സൗകര്യത്തിന്റെ അഭാവമാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുക എന്നതാണ് ഗോ ഇ.സിയുടെ ലക്ഷ്യം. മഹാ നഗരങ്ങളിൽ മുതൽ ഗ്രാമപ്രദേശങ്ങളിൽ വരെ ചാർജിംഗ് സ്റ്റേഷനുകൾ യാഥാർത്ഥ്യമാകുന്നതോടെ ജനങ്ങളുടെ ജീവിത രീതിയിലും സുസ്ഥിരമായ മാറ്റം കൊണ്ടുവരാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.





